# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2495** — 19.12.2012-ൽ മറുപടിക്ക്

## ലാബുകളുടെയും സ്കാൻ സെന്ററുകളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :<br>,, സി. മോയിൻകുട്ടി :<br>,, കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വൈദ്യ ചികിത്സയുമായി ബന്ധപ്പെട്ട പരിശോധനാ ലാബുകൾ, സ്കാൻ സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) പ്രീ കൺസെപ്ഷൻ ആന്റ് പ്രീനേറ്റൽ ഡയഗ്നോസ്റ്റിക് ടെക്നിക് ആക്ട് അനുസരിച്ച് സ്കാനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എപ്പോൾ വേണമെങ്കിലും സ്കാനിംഗ് സെന്റർ പരിശോധിക്കാവുന്നതും ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടാൽ സെന്റർ അടച്ചുപൂട്ടുവാൻ ആവശ്യപ്പെടാവുന്നതും ആവശ്യമെങ്കിൽ കേസ് ഫയൽ ചെയ്യുവാനും ജില്ലാ മെഡിക്കൽ ഓഫീസർക്ക് അധികാരമുണ്ട്. സ്വകാര്യ ലാബുകൾ, സ്കാൻ സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേക്കായി ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കി വരികയാണ്. ഈ ബിൽ നിലവിൽ വരുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളുടെ മേൽ വ്യക്തമായ നിയന്ത്രണം ഉണ്ടാകും. |
| (ബി) ഈ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾക്കുള്ള നിരക്കുകളിൽ ഏകീകരണം നിലവിലുണ്ടോ ; | (ബി) ഇല്ല. |
| (സി) എങ്കിൽ അത് സേവനാർത്ഥികൾക്ക വേണ്ടി പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) നിലവിൽ ഇല്ല. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിലവിൽ വരുന്നതോടെ ഇതിന് പരിഹാരം ഉണ്ടാകും എന്നു കരുതുന്നു. |

സെക്ഷൻ ഓഫീസർ